# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*277

09-05-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷിയിലെ ഉല്പാദന വർദ്ധനവിന് സ്വീകരിക്കുന്ന നടപടികൾ

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
,, കെ. കെ. രാമചന്ദ്രൻ നായർ
,, സി. കെ. ശശീന്ദ്രൻ
,, കെ. ബാബു

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയിലെ ഉല്പാദന വർദ്ധനവിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-<br>1.സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം<br>4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008- ഡാറ്റാ ബാങ്ക് വാലിഡേഷൻ<br>6.കരനെൽകൃഷി വികസനം<br>7.തരിശുനിലങ്ങളിൽ നെൽകൃഷി<br>8.തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്<br>9.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം<br>10.നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽ കൃഷി വികസനത്തിനുള്ള ധനസഹായം<br>11.നെൽവർഷത്തോടനുബന്ധിച്ച് നെൽ കൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുള്ള ധനസഹായം<br>12.പദ്ധതി പ്രവർത്തനത്തിനായുള്ള ധന സഹായം<br>13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.<br>14.ബ്ലോക്ക് തലത്തിലുള്ള സംയോജന ത്തിനായി പദ്ധതി അധിഷ്ഠിത സഹായം.<br>15.നെല്ല് പ്രാദേശികമായി സംസ്കരണം നടത്തുന്നതിന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി. |
| (ബി) | നെൽകൃഷിക്ക് അനുയോജ്യമായ വിത്തു കളും ആവശ്യത്തിന് വളവും ലഭ്യമാക്കുന്ന തിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്താമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) | നെൽകൃഷിക്ക് അനുയോജ്യമായ വിത്തുകൾ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം, സർട്ടിഫൈഡ് വിത്തുകൾ കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നു.<br>നെൽകൃഷിക്ക് ആവശ്യമായ വളം സംസ്ഥാനത്തുള്ള വളം ഡീലർമാർ വഴി സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നു. സംസ്ഥാനത്ത് 90% മണ്ണും അമ്ലത്വമുള്ളതാ ണെന്ന് മണ്ണ് പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ നെൽ കൃഷിക്ക് കുമ്മായ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 'സോയിൽ അമിലിയറൻസ് ഇൻ സെലക്റ്റഡ് ഡിസ്ട്രിക്റ്റ്സ്' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 5400 രൂപ 75% സബ്സിഡി നിരക്കിൽ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ കുമ്മായം സർവ്വീസ് സഹകരണ ബാങ്കുകൾ വഴി പെർമിറ്റ് പ്രകാരം കൃഷിക്കാർക്ക് ലഭ്യമാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൃഷി ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങൾക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാ ഹനം നൽകാൻ സാധിക്കുമോ; എങ്കിൽ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്; വിശദമാക്കാമോ; | (സി) | സവിശേഷ നെൽ ഇനങ്ങൾ ഉൾപ്പടെയുള്ള അരിയുടെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുന്ന റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം 2017-18 എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കളായി സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, രജിസ്റ്റേർഡ് സംഘങ്ങൾ, പാടശേഖര സമിതികൾ ശുപാർശ ചെയ്യുന്ന വ്യക്തികളെയും ഉൾപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | | | പ്രോജക്ടടിസ്ഥാനത്തിൽ നഗരാതിർത്തിയിലും ഗ്രാമതലത്തിലും ഇത്തരം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ